**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

യു ജി സി റഗുലേഷൻ 2010-അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് രണ്ട് മുതൽ നാല് വരെ (അസോസിയേറ്റ് പ്രൊഫസർ ) പ്രമോഷന് - ബഹു.ഹൈക്കോടതിയിലെ WP(C) 29253/2012 വിധി ബാധകമാക്കുന്നത് -സിൻഡിക്കേറ്റ് അപ്രൂവൽ ഉപസമിതിയുടെ ശിപാർശ- അംഗീകരിച്ച്- ഉത്തരവാകുന്നു .

---

**അക്കാദമിക് ലെജിസ്ലേഷൻ**

നമ്പർ. 238/2019/MGU-ADMINISTRATION — പി.ഡി.ഹിൽസ് ,തീയതി: 24.01.2019

---

പരാമർശം:-1. 2019 ജനുവരി 15ന് കൂടിയ സിൻഡിക്കേറ്റ് അപ്രൂവൽ ഉപസമിതിയുടെ നടപടിക്രമം നം. ഒ.എ.1

2. S.L.P.(C) നം. 18938-18942/2017 കേസുകളിലുള്ള 17-07-2018ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ്.

**ഉത്തരവ്**

യു ജി സി റഗുലേഷൻ 2010, കേരള സർക്കാർ ഉത്തരവിൻ പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

പരാമർശം (1) പ്രകാരം എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച യു ജി സി റഗുലേഷൻ 2010ലെ നിബന്ധനകൾ , WP(C) 29253/2012മേലും, സമാനമായ മറ്റ് കേസുകളിന്മേലുമുള്ള 23.02.2016 തീയതിയിലെ ബഹു. ഹൈക്കോടതി ഫുൾ ബെഞ്ചിന്റെ ഉത്തരവിന്റെയും, പരാമർശം(2) ബഹു. സുപ്രീം കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ.23.02.2016 മുതൽ മാത്രം ബാധകമായിരിക്കും എന്ന് തീരുമാനിക്കുവാൻ സിൻഡിക്കേറ്റ് അപ്രൂവൽ ഉപസമിതി ശിപാർശ ചെയ്തത്, മഹാത്മഗാന്ധി സർവ്വകലാശാല ആക്ട്, 1985,അദ്ധ്യായം III,10.(17)ലെ വൈസ് ചാൻസിലറുടെ പ്രത്യേകാധികാരം ഉപയോഗിച്ച് വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

RAMESH NARAYAN

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)

പകർപ്പ്

1. വി.സി യുടെ പി എസ്.
2. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. എ സി സി 1/എ സി സി 2 സെക്ഷനുകൾ .
4. ബന്ധപ്പെട്ട സെക്ഷനുകൾ.
5. പി.ആർ.ഓ. സെക്ഷൻ
6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ .
7. റിക്കാർഡ്സ് സെക്ഷൻ .
8. കരുതല് ഫയൽ / ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 1810/AC L/1/2019/AC L Approved by ASSISTANT REGISTRAR II ACADEMIC on 24-Jan-2019 11:19 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം